# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - **2017 ജനുവരി 04 (ബുധൻ)** -ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ : 600/2016/ബി/സം.തി.ക. തീയതി, തിരുവനന്തപുരം, 2016 ഡിസംബർ 21

---

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 07.12.2016-ലെ നമ്പർ 60/2016/സം.തി.ക. മുതൽ 65/2016/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

## ഉത്തരവ്

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. ആയതിനാൽ, **2017 ജനുവരി 04 (ബുധൻ)** -ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
2. പാസ്പോർട്ട്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാൻ കാർഡ്
5. ആധാർ കാർഡ്
6. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
7. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്
8. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്

കെ.വി. മുരളീധരൻ
സെക്രട്ടറി

**ജില്ലാ കളക്ടർ & ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ, തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ എറണാകുളം/പാലക്കാട്/കോഴിക്കോട്/കണ്ണൂർ/കാസർഗോഡ്**

**ബന്ധപ്പെട്ട വരണാധികാരികൾക്ക് (ജില്ലാ കളക്ടർ മുഖേന)**

ഉത്തരവിൻ പ്രകാരം
(ഒപ്പ്)

സെക്ഷൻ ഓഫീസർ

---

**തിരഞ്ഞെടുപ്പ് അടിയന്തിരം**

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

നമ്പർ: 6323/ബി/2016/സം.തി.ക. തീയതി :21.12.2016

പ്രേഷകൻ

സെക്രട്ടറി.

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും.

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 04.01.2017- ലെ ഉപതിരഞ്ഞെടുപ്പ് - വോട്ടുചെയ്യുന്നതിന് അനുമതി - നൽകുന്നത് - സംബന്ധിച്ച്.

സൂചന:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 07.12.2016-ലെ നമ്പർ 60/2016/സം.തി.ക. മുതൽ 65/2016/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

സംസ്ഥാനത്തെ 15 തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുകളിലേയ്ക്ക് 04.01.2017ൽ ഉപതിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചനയിലെ വിജ്ഞാപനങ്ങൾ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിലെ വോട്ടർമാരായ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, നിയമാനുസൃത കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രസ്തുത വാർഡിലെ വോട്ടറാണെന്ന് തെളിയിക്കുന്ന രേഖ സഹിതം അപേക്ഷിക്കുന്ന പക്ഷം സ്വന്തം പോളിംഗ് സ്റ്റേഷനിൽ പോയി വോട്ട് ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകുവാൻ ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

കെ. വി. മുരളീധരൻ
സെക്രട്ടറി

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - **2016 ഒക്ടോബർ 21 (വെള്ളി)**-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതി ദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ : 500/2016/ബി/സം.തി.ക. തീയതി, തിരുവനന്തപുരം, 2016 ഒക്ടോബർ 15

---

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 26.09.2016 -ലെ നമ്പർ 44/2016/സം.തി.ക. മുതൽ 49/2016/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ

## ഉത്തരവ്

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. ആയതിനാൽ, **2016 ഒക്ടോബർ 21 (വെള്ളി)**-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

9. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
10. പാസ്പോർട്ട്
11. ഡ്രൈവിംഗ് ലൈസൻസ്
12. പാൻ കാർഡ്
13. ആധാർ കാർഡ്
14. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
15. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്
16. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്

**വി. ഭാസ്കരൻ**
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

**ജില്ലാ കളക്ടർ & ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ, തിരുവനന്തപുരം/കൊല്ലം/ഇടുക്കി/തൃശൂർ/പാലക്കാട്/ കോഴിക്കോട്/വയനാട്/കാസർഗോഡ് ബന്ധപ്പെട്ട വരണാധികാരികൾക്ക് (ജില്ലാ കളക്ടർ മുഖേന)**

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# തിരഞ്ഞെടുപ്പ് അടിയന്തിരം

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

നമ്പർ: 3336/ബി/2016/സം.തി.ക. തീയതി : 07.10.2016

പ്രേഷകൻ

സെക്രട്ടറി.

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും.

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 21.10.2016 -ലെ ഉപതിരഞ്ഞെടുപ്പ് - വോട്ടുചെയ്യുന്നതിന് അനുമതി - നൽകുന്നത് - സംബന്ധിച്ച്.

സൂചന:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 26.09.2016-ലെ 44/2016/സംതിക മുതൽ 49/2016/സംതിക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

സംസ്ഥാനത്തെ 14 തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുകളിലേയ്ക്ക് 21.10.2016-ൽ ഉപതിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചനയിലെ വിജ്ഞാപനങ്ങൾ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിലെ വോട്ടർമാരായ സർക്കാർ അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, നിയമാനുസൃത കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രസ്തുത വാർഡിലെ വോട്ടറാണെന്ന് തെളിയിക്കുന്ന രേഖ സഹിതം അപേക്ഷിക്കുന്ന പക്ഷം സ്വന്തം പോളിംഗ് സ്റ്റേഷനിൽ പോയി വോട്ട് ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകുവാൻ ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

സെക്രട്ടറി

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

നമ്പർ. 4420/ബി/2016/സം.തി.ക. തീയതി: 07.09.2016

## ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 53-ാം വകുപ്പ് പ്രകാരം, ഓരോ ജില്ലയ്ക്കും ജില്ലാ ആസൂത്രണ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് 2016 സെപ്റ്റംബർ 26, 27, 28 തീയതികളിൽ നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിലെയും 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരമാണ് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

2. ജില്ലാ ആസൂത്രണ കമ്മിറ്റികളിലേയ്ക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് വരണാധികാരികളായി അതാത് ജില്ലകളിലെ ജില്ലാ കളക്ടർമാരെ സ്ഥാനനിർദ്ദേശം ചെയ്തുകൊണ്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 26.10.2015-ലെ 176/2015/സംതിക നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

3. ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളായി ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പൽ കൗൺസിലർമാരുടെയും മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെയും എണ്ണം 1995 ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് പുതുക്കി നിശ്ചയിച്ചുകൊണ്ട് 12.08.2016-ലെ സ.ഉ.(സാധ) നം.2444/2016/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, വിവിധ വിഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

4. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പിന് ചുവടെ ചേർക്കും വിധമാണ് കമ്മീഷൻ സമയക്രമം നിശ്ചയിച്ചിട്ടുള്ളത്.

1. ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ യോഗം - **2016 സെപ്റ്റംബർ 26 (തിങ്കൾ) രാവിലെ 11 മണി**
2. ജില്ലയിലെ മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം - **2016 സെപ്റ്റംബർ 27 (ചൊവ്വ) രാവിലെ 11 മണി**
3. ജില്ലയിലെ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം - **2016 സെപ്റ്റംബർ 28 (ബുധൻ) രാവിലെ 11 മണി**

5. വരണാധികാരി, യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ കാണിക്കുന്ന നോട്ടീസ് ജില്ലാ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും ജില്ലയിലെ മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനിലേയും എല്ലാ കൗൺസിലർമാർക്കും ഏറ്റവും കുറഞ്ഞത് യോഗതീയതിക്ക് ഏഴ് പൂർണ്ണദിവസങ്ങൾക്ക് മുൻപായെങ്കിലും നൽകേണ്ടതും അത്തരം നോട്ടീസിന്റെ ഒരുപകർപ്പ് വരണാധികാരിയുടെ ഓഫീസിലെ നോട്ടീസ് ബോർഡിലും ജില്ലാ പഞ്ചായത്തിലേയും മുനിസിപ്പാലിറ്റികളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും നോട്ടീസ് ബോർഡുകളിലും പ്രദർശിപ്പിക്കേണ്ടതുമാണ്. പൂർണ്ണ ദിവസങ്ങൾ കണക്കാക്കുമ്പോൾ ഞായറാഴ്ചയും മറ്റ് അവധി ദിവസങ്ങളും ഉൾപ്പെടുത്തേണ്ടതും എന്നാൽ യോഗതീയതിയും നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്.

6. ജില്ലാ ആസൂത്രണകമ്മിറ്റിയിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ ജില്ലാ പഞ്ചായത്തിലെ ഒരംഗത്തെ പ്രസ്തുത ജില്ലാപഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട മറ്റൊരംഗവും, ഒരു മുനിസിപ്പൽ കൗൺസിലറെ ആ മുനിസിപ്പാലിറ്റിയിലേയോ ജില്ലയിലെ മറ്റേതെങ്കിലും മുനിസിപ്പാലിറ്റിയിലേയോ തിരഞ്ഞെടുക്കപ്പെട്ട മറ്റൊരു കൗൺസിലറും ഒരു കോർപ്പറേഷനിലെ കൗൺസിലറെ ആ കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട മറ്റൊരു കൗൺസിലറും നിർദ്ദിഷ്ഠ ഫാറത്തിൽ നാമ നിർദ്ദേശം ചെയ്യേണ്ടതും അപ്രകാരമുള്ള മറ്റൊരു അംഗം അല്ലെങ്കിൽ കൗൺസിലർ പിൻതാങ്ങേണ്ടേതുമാണ്. എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട അംഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയ്ക്ക് മറ്റൊരംഗത്തിന്റെ നാമനിർദ്ദേശമോ പിന്താങ്ങലോ ആവശ്യമില്ല.

7. മത്സരിക്കുന്ന സ്ഥാനാർത്ഥികൾ നാമനിർദ്ദേശപത്രികകൾ നിശ്ചിത ഫാറത്തിൽ (മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്). യോഗം ആരംഭിക്കുന്നതിനു മുമ്പായി വരണാധികാരിക്ക് നൽകേണ്ടതാണെന്ന വിവരം അംഗങ്ങളെ അറിയിക്കേണ്ടതാണ്. യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെടുകയും പിന്താങ്ങുകയും എന്നാൽ സ്ഥാനാർത്ഥിത്വം പിൻവലിക്കപ്പെടാതിരിക്കുകയും ചെയ്തിട്ടുള്ള എല്ലാ സ്ഥാനാർത്ഥികളുടേയും പേരുകൾ വരണാധികാരി യോഗത്തിൽ വായിക്കേണ്ടതാണ്.

8.. തിരഞ്ഞെടുപ്പ് യോഗത്തിന്റെ ക്വാറം വോട്ടവകാശമുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ പകുതി ആയിരിക്കുന്നതാണ്.

9. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് വിളിച്ചുകൂട്ടുന്ന യോഗത്തിൽ സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേയ്ക്ക് ആദ്യം തിരഞ്ഞെടുപ്പ് നടത്തേണ്ടതും തുടർന്ന് സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

10. ജില്ലാ പഞ്ചായത്തംഗങ്ങളിൽ നിന്ന് ആദ്യം തിരഞ്ഞെടുപ്പ് നടത്തുന്നത് താഴെപ്പറയുന്ന ക്രമത്തിലായിരിക്കേണ്ടതാണ്.

(1) പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേയ്ക്ക്,

(2) പട്ടിക ജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ടവർക്കായി സംവരണം ചെയ്യപ്പെട്ട മറ്റ് സ്ഥാനത്തേയ്ക്ക്,

(3) സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട സ്ഥാനങ്ങളിലേയ്ക്ക്,

(4) സംവരണം ചെയ്യപ്പെടാത്ത സ്ഥാനങ്ങളിലേയ്ക്ക്,

11. മേൽപ്പറഞ്ഞപ്രകാരം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീയ്ക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനത്തേയ്ക്ക് അർഹയായ ജില്ലാ പഞ്ചായത്ത് അംഗം ഇല്ലാത്ത സംഗതിയിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ ജനറൽ സ്ഥാനങ്ങൾ ഒഴികെയുള്ള മറ്റ് സംവരണ സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

12. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് ജില്ലാ പഞ്ചായത്തംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ, പട്ടികജാതി യിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായി പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ഒരു സ്ത്രീ ജില്ലാ പഞ്ചായത്തംഗം ഇല്ലാത്ത സംഗതിയിൽ, അവർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേയ്ക്ക് താഴെപ്പറയുന്ന പ്രകാരം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ഒരാളെ തിരഞ്ഞെടുക്കേണ്ടതാണ്.

(എ) പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ഒരു സ്ത്രീ മുനിസിപ്പൽ കൗൺസിലറെ, അഥവാ

(ബി) തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹയായ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീ-മുനിസിപ്പൽ കൗൺസിലർ ഇല്ലാത്തപക്ഷം, പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലോപ്പെട്ട രണ്ടാമതൊരു ജില്ലാപഞ്ചായത്ത് അംഗത്തെ, അഥവാ

(സി) തിരഞ്ഞെടുക്കപ്പെടുന്നതിന് അർഹനായ ഇപ്രകാരമൊരു ജില്ലാ പഞ്ചായത്ത് അംഗം ഇല്ലാത്തപക്ഷം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ഒരു മുനിസിപ്പൽ കൗൺസിലറെ,

13. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീ സ്ഥാനത്തേയ്ക്ക് പട്ടികജാതിയിലോ പട്ടികവർഗ്ഗ ത്തിലോപ്പെട്ട ഒരു ജില്ലാപഞ്ചായത്തംഗമോ ഒരു മുനിസിപ്പൽ കൗൺസിലറോ തിരഞ്ഞെടുക്കപ്പെടുകയും ആ വ്യക്തി ഒരു സ്ത്രീയല്ലാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ സ്ത്രീസംവരണത്തിന്റെ കുറവ് നികത്തുന്നതിനായി ഒരു സ്ത്രീ ജില്ലാപഞ്ചായത്തംഗത്തെ അധികമായി തിരഞ്ഞെടുക്കേണ്ടതാണ്.

14. മേൽപ്പറഞ്ഞ പ്രകാരം 26.09.2016-ൽ നടത്തുന്ന ജില്ലാ പഞ്ചായത്തിലെ അംഗങ്ങളുടെ യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളിൽ നിന്നും പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീയെ തിരഞ്ഞെടുക്കുവാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ അടുത്തദിവസം (27.09.2016) നടത്തുന്ന മുനിസിപ്പൽ കൗൺസിലർമാരുടെ യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളിൽനിന്ന് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീ കൗൺസിലറെ കൂടി തിരഞ്ഞെടുക്കേണ്ടതാണ്. അപ്രകാരവും പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ത്രീയെ തിരഞ്ഞെടുക്കപ്പെടാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ യോഗം വീണ്ടും, അതായത് 29.09.2016 രാവിലെ 11 മണിയ്ക്ക് ചേരേണ്ടതും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളിൽനിന്ന് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ഒരു ജില്ലാ പഞ്ചായത്ത് അംഗത്തെ തിരഞ്ഞെടുക്ക പ്പെടേണ്ടതുമാണ്. തുടർന്ന് ജനറൽ വിഭാഗം സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടതും അതിലെ ഒരു സ്ഥാനത്ത് സ്ത്രീ ജില്ലാ പഞ്ചായത്ത് അംഗത്തെ ഉൾപ്പെടുത്തി 13-ാം ഖണ്ഡികയിലെ സ്ത്രീ പ്രാതിനിധ്യം ഉറപ്പ് വരു ത്തേണ്ടതുമാണ്. മേൽപറഞ്ഞപ്രകാരം തിരഞ്ഞെടുക്കുന്നതിന് അർഹമായ പട്ടികജാതി പട്ടികവർഗ്ഗം ജില്ലാ പഞ്ചായത്തംഗം ഇല്ലാത്തപക്ഷം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള ഒരംഗത്തെ തിരഞ്ഞെടുക്കുന്നതിന്

വീണ്ടും മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം 2016 സെപ്റ്റംബർ 30-ന് 3 മണിയ്ക്ക് വരണാധികാരി വിളിച്ചുകൂട്ടേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞപ്രകാരം തിരഞ്ഞെടുക്കുന്നതിന് പട്ടികജാതിലോ പട്ടികവർഗ്ഗത്തിലോ പെട്ട ജില്ലാ പഞ്ചായത്ത് അംഗം ഇല്ലാത്ത സാഹചര്യമുണ്ടെങ്കിൽ ജില്ലാ പഞ്ചായത്ത് ജനറൽ വിഭാഗം അംഗങ്ങളുടെ (ഒരു സ്ത്രീ പ്രാതിനിധ്യം ഉൾപ്പെടെ) തിരഞ്ഞെടുപ്പ് 01.10.2016-ന് രാവിലെ 11 മണിയ്ക്ക് വേണം നടത്തേണ്ടത്. ഇപ്രകാരം തിരഞ്ഞെടുപ്പുകൾ നടത്തേണ്ട സാഹചര്യമുണ്ടെങ്കിൽ അതിലേയ്ക്ക് യോഗം ചേരുന്ന വിവരം കൂടി വരണാധികാരി നോട്ടീസിൽ സൂചിപ്പിക്കേണ്ടതാണ്.

15. യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ എണ്ണവും ജില്ലാ ആസൂത്രണ കമ്മിറ്റിയിലെ അതത് വിഭാഗത്തിൽ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണവും തുല്യമാണെങ്കിൽ എല്ലാ സ്ഥാനാർത്ഥികളും യഥാവിധി തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ യഥാവിധി സ്ഥാനാർത്ഥികളുടെ എണ്ണം ഓരോ വിഭാഗത്തിലും ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ കുറവാണെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും ബാക്കി സ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് പ്രത്യേകമായി വിളിച്ച് കൂട്ടുന്ന അടുത്ത യോഗത്തിലേയ്ക്ക് മാറ്റി വെയ്ക്കേണ്ടതുമാണ്.

16. നാമനിർദ്ദേശം ചെയ്യപ്പെട്ട. സ്ഥാനാർത്ഥികളുടെ എണ്ണം അതത് വിഭാഗത്തിൽ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തെക്കാൾ കൂടുതലാണെങ്കിൽ ഹാജരായിട്ടുള്ള അംഗങ്ങൾ/കൗൺസിലർമാർ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റകൈമാറ്റവോട്ടുമൂലം തിരഞ്ഞെടുക്കേണ്ടതാണ്. (ബാലറ്റ് പേപ്പറിന്റെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്)

17. തിരഞ്ഞെടുപ്പിൽ വോട്ടുകൾ രേഖപ്പെടുത്തേണ്ട രീതിയും വോട്ടെണ്ണലും ഫലപ്രഖ്യാപനവും, 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങളിലെ (28.04.2016-ലെ സ.ഉ.പി. നമ്പർ 21/2016/ത.സ്വ.ഭ ഭേദഗതി പ്രകാരം) 11-ാം ചട്ടപ്രകാരമായിരിക്കേണ്ടതാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

18. ജില്ലാ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പേര് വിവരം തിരഞ്ഞെടുപ്പ് കഴിഞ്ഞ ഉടൻതന്നെ വരണാധികാരി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെയും സർക്കാരിനേയും അതത് ജില്ലാ കളക്ടറെയും തിരഞ്ഞെടുക്കപ്പെട്ട ആൾ അംഗമായിരിക്കുന്ന ജില്ലാപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയേയും അറിയിക്കേണ്ടതാണ്.

(ഒപ്പ്)
വി. ഭാസ്കരൻ
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

1. എല്ലാ ജില്ലാ കളക്ടർമാർക്കും.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും.
3. കമ്മീഷണറുടെ പി.എ.യ്ക്ക്.
4. സെക്രട്ടറിയുടെ സി.എ.യ്ക്ക്.

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# <u>ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നോട്ടീസ്</u>

നമ്പർ: തീയതി:

------------------- ജില്ലാ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് ചുവടെപ്പറയുന്ന സ്ഥാനങ്ങളിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിന് ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ യോഗം, **2016 സെപ്തംബർ 26 (തിങ്കൾ)-ാം തീയതി രാവിലെ 11 മണിക്ക്** ------------------- സ്ഥലത്ത് വച്ച് കൂടുന്നതിന് തീരുമാനിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗം സ്ത്രീ സ്ഥാനം (എണ്ണം) - 01

പട്ടികജാതി/പട്ടികവർഗ്ഗം സ്ഥാനം (എണ്ണം) - 01

സ്ത്രീ സ്ഥാനങ്ങൾ (എണ്ണം) - ---------------

ജനറൽ സ്ഥാനങ്ങൾ (എണ്ണം) - ---------------

(2) പ്രസ്തുത യോഗത്തിൽ താങ്കൾ കൃത്യസമയത്ത് പങ്കെടുക്കേണ്ടതാണ്.

(3) താങ്കൾ മേൽപ്പറഞ്ഞ ഏതെങ്കിലും സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നാമനിർദ്ദേശപത്രിക ------------- തീയതി ------------- മണിക്ക് മുമ്പായി വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

(4) പട്ടികജാതി/പട്ടികവർഗ്ഗം സ്ത്രീ സംവരണ സ്ഥാനത്തേയ്ക്ക് അംഗത്തെ തിരഞ്ഞെടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ഒരു ജില്ലാ പഞ്ചായത്ത് അംഗത്തേയും ജനറൽ വിഭാഗം സ്ഥാനങ്ങളിലേയ്ക്കുള്ള അംഗങ്ങളുടേയും തിരഞ്ഞെടുപ്പ് നടത്തുന്നതിന് ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ യോഗം **2016 സെപ്റ്റംബർ 29-ാം തീയതി രാവിലെ 11 മണിക്ക്** വീണ്ടും ചേരുന്നതാണ്. എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ജില്ലാ പഞ്ചായത്ത് അംഗത്തെ ആ യോഗത്തിൽ തിരഞ്ഞെടുക്കാൻ കഴിഞ്ഞില്ലായെങ്കിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ ജനറൽ വിഭാഗം (ഒരു സ്ത്രീ പ്രാതിനിധ്യം ഉൾപ്പെടെ) തിരഞ്ഞെടുപ്പ് നടത്തുന്നതിന് ഒക്ടോബർ 1-ാം തീയതി വീണ്ടും യോഗം ചേരുന്നതാണ്.

വരണാധികാരി: ------------------------------------------
ഒപ്പ് : ---------------------------------------------------
പേര്: ---------------------------------------------

ശ്രീ/ശ്രീമതി --------------------------------
--------------------------------

## ജില്ലാ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നോട്ടീസ്

നമ്പർ: തീയതി:

-------------------- ജില്ലാ ആസൂത്രണ കമ്മിറ്റിയിലേയ്ക്ക് ചുവടെപ്പറയുന്ന സ്ഥാനങ്ങളിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിന് മുനിസിപ്പൽ കൗൺസിലർമാരുടെ/ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം, 2016 സെപ്തംബർ ----------------൦ാം തീയതി രാവിലെ 11 മണിക്ക് -------------------- സ്ഥലത്ത് വച്ച് കൂടുന്നതിന് തീരുമാനിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

സ്ത്രീ സ്ഥാനങ്ങൾ (എണ്ണം) - ----------------

ജനറൽ സ്ഥാനങ്ങൾ (എണ്ണം) - ----------------

(2) പ്രസ്തുത യോഗത്തിൽ താങ്കൾ കൃത്യസമയത്ത് പങ്കെടുക്കേണ്ടതാണ്.

(3) താങ്കൾ മേൽപ്പറഞ്ഞ ഏതെങ്കിലും സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നാമനിർദ്ദേശപത്രിക ------------------------ തീയതി -------------- മണിക്ക് മുമ്പായി വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

(4) പട്ടികജാതി/പട്ടികവർഗ്ഗം സംവരണ സ്ഥാനത്തേയ്ക്ക് ഒരു കൗൺസിലറെ തിരഞ്ഞെടുക്കേണ്ട സാഹ ചര്യമുണ്ടെങ്കിൽ ജില്ലയിലെ മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം 2016 സെപ്റ്റംബർ 30-൦ാം തീയതി വൈകുന്നേരം 3 മണിക്ക് വീണ്ടും ചേരുന്നതാണ്.

വരണാധികാരി: ------------------------------------
ഒപ്പ്: ------------------------------------------------
പേര്: ------------------------------------------------

ശ്രീ/ശ്രീമതി ------------------------------------------
------------------------------------------

# അനുബന്ധം

## സർക്കാരിന്റെ 12.08.2016–ലെ 2444/2016/ത.സ്വ.ഭ.വ–ാം നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റികളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടേ പട്ടികജാതി/പട്ടികവർഗ്ഗം സ്ത്രീ, പട്ടികജാതി/പട്ടികവർഗ്ഗം, സ്ത്രീ, ജനറൽ വിഭാഗം സ്ഥാനങ്ങളുടെ എണ്ണം

| ജില്ല | ജില്ലാ പഞ്ചായത്ത് അംഗങ്ങൾ (എണ്ണം) | | | | | മുനിസിപ്പൽ കൗൺസിലർമാർ (എണ്ണം) | | | മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാർ (എണ്ണം) | | | ആകെ (എണ്ണം) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ സ്ഥാനങ്ങൾ | പട്ടിക ജാതി/പട്ടിക വർഗ്ഗ സ്ത്രീ | പട്ടിക ജാതി/പട്ടി കവർഗ്ഗം ജനറൽ | സ്ത്രീ | ജനറൽ | ആകെ സ്ഥാനങ്ങൾ | സ്ത്രീ | ജനറൽ | ആകെ സ്ഥാനങ്ങൾ | സ്ത്രീ | ജനറൽ | ആകെ സ്ഥാനങ്ങൾ | പട്ടിക ജാതി/പട്ടിക വർഗ്ഗ സ്ത്രീ | പട്ടിക ജാതി/പട്ടി കവർഗ്ഗം ജനറൽ | സ്ത്രീ | ജനറൽ |
| തിരുവനന്തപുരം | 8 | 1 | 1 | 3 | 3 | 1 | 0 | 1 | 3 | 2 | 1 | 12 | 1 | 1 | 5 | 5 |
| കൊല്ലം | 9 | 1 | 1 | 4 | 3 | 1 | 0 | 1 | 2 | 1 | 1 | 12 | 1 | 1 | 5 | 5 |
| പത്തനംതിട്ട | 11 | 1 | 1 | 5 | 4 | 1 | 0 | 1 | 0 | 0 | 0 | 12 | 1 | 1 | 5 | 5 |
| ആലപ്പുഴ | 10 | 1 | 1 | 4 | 4 | 2 | 1 | 1 | 0 | 0 | 0 | 12 | 1 | 1 | 5 | 5 |
| കോട്ടയം | 11 | 1 | 1 | 5 | 4 | 1 | 0 | 1 | 0 | 0 | 0 | 12 | 1 | 1 | 5 | 5 |
| ഇടുക്കി | 11 | 1 | 1 | 5 | 4 | 1 | 0 | 1 | 0 | 0 | 0 | 12 | 1 | 1 | 5 | 5 |
| എറണാകുളം | 8 | 1 | 1 | 3 | 3 | 2 | 1 | 1 | 2 | 1 | 1 | 12 | 1 | 1 | 5 | 5 |
| തൃശ്ശൂർ | 10 | 1 | 1 | 4 | 4 | 1 | 1 | 0 | 1 | 0 | 1 | 12 | 1 | 1 | 5 | 5 |
| പാലക്കാട് | 10 | 1 | 1 | 4 | 4 | 2 | 1 | 1 | 0 | 0 | 0 | 12 | 1 | 1 | 5 | 5 |
| മലപ്പുറം | 10 | 1 | 1 | 4 | 4 | 2 | 1 | 1 | 0 | 0 | 0 | 12 | 1 | 1 | 5 | 5 |
| കോഴിക്കോട് | 9 | 1 | 1 | 4 | 3 | 1 | 0 | 1 | 2 | 1 | 1 | 12 | 1 | 1 | 5 | 5 |
| വയനാട് | 10 | 1 | 1 | 4 | 4 | 2 | 1 | 1 | 0 | 0 | 0 | 12 | 1 | 1 | 5 | 5 |
| കണ്ണൂർ | 9 | 1 | 1 | 3 | 4 | 2 | 1 | 1 | 1 | 1 | 0 | 12 | 1 | 1 | 5 | 5 |
| കാസറഗോഡ് | 11 | 1 | 1 | 4 | 5 | 1 | 1 | 0 | 0 | 0 | 0 | 12 | 1 | 1 | 5 | 5 |

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2016 ജൂലൈ 28 (വ്യാഴം)-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ : 376/2016/ബി/സം.തി.ക. തീയതി, തിരുവനന്തപുരം, 2016 ജൂലൈ 20

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.07.2016 -ലെ നമ്പർ 21/2016/സം.തി.ക. മുതൽ 26/2016/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ

## ഉത്തരവ്

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 31(2)-ഉം പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ളതിരിച്ചറിയൽകാർഡോസംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. ആയതിനാൽ, 2016 ജൂലൈ 28 (വ്യാഴം)-ാം ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

17. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
18. പാസ്പോർട്ട്
19. ഡ്രൈവിംഗ് ലൈസൻസ്
20. പാൻ കാർഡ്
21. ആധാർ കാർഡ്
22. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
23. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്
24. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്

**വി. ഭാസ്കരൻ**
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

**ജില്ലാ കളക്ടർ & ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/ഇടുക്കി/ എറണാകുളം/തൃശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/കണ്ണൂർ/കാസർഗോഡ്**
**ബന്ധപ്പെട്ട വരണാധികാരികൾക്ക് (ജില്ലാ കളക്ടർ മുഖേന)**

**പകർപ്പ് :**

ബന്ധപ്പെട്ട പ്രിസൈഡിംഗ് ഓഫീസർമാക്ക് (വരണാധികാരികൾ മുഖേന),പി.ആർ.ഒ, (പത്രക്കുറിപ്പ് നൽകുന്നതിനായി),സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ എല്ലാ ഓഫീസർന്മാർക്കും സെക്ഷനുകൾക്കും, കമ്മീഷണറുടെ പിഎസ്.,കമ്മീഷണറുടെ സി.എ.

സെക്രട്ടറിയുടെ സി.എ.,കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - ഉപതിരഞ്ഞെടുപ്പ് - ആൾമാറാട്ടത്തിനെതിരെയുള്ള മുൻകരുതലുകൾ - സമ്മതിദായകരുടെ നടുവിരലിൽ മായാത്ത മഷികൊണ്ട് അടയാളം ഇടണമെന്ന നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ : 375/2016/ബി/സം.തി.ക. തീയതി, തിരുവനന്തപുരം, 2016 ജൂലൈ 20

---

## ഉത്തരവ്

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.07.2016 -ലെ നമ്പർ 21/2016/സം.തി.ക. മുതൽ 26/2016/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് **2016 ജൂലൈ 28 (വ്യാഴം)**- ാം ഉപതിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചനയിലെ വിജ്ഞാപനങ്ങൾ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 33 -ാം ചട്ടപ്രകാരവും 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 33-ാം ചട്ടപ്രകാരവും ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടെടുപ്പിൽ ഓരോ സമ്മതിദായകന്റേയും നിജസ്ഥിതിയെപ്പറ്റി പോളിംഗ് ഓഫീസർക്കോ പ്രിസൈഡിംഗ് ഓഫീസർക്കോ, അതത് സംഗതിപോലെ, ബോധ്യമായാൽ അയാളുടെ ഇടതുകൈയ്യിലെ ചൂണ്ടുവിരൽ പ്രിസൈഡിംഗ് ഓഫീസറോ പോളിംഗ് ഓഫീസറോ പരിശോധിക്കുന്നതിനും അതിൽ മായാത്ത മഷികൊണ്ട് ഒരു അടയാളം ഇടുന്നതിനും അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. സംസ്ഥാനത്ത് 2016 മേയ് മാസം 16-ാം തീയതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അസംബ്ലി നിയോജകമണ്ഡലങ്ങളിലേയ്ക്ക് പൊതുതിരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളതിനാൽ അതുമായി ബന്ധപ്പെട്ട് സമ്മതിദായകരുടെ ഇടതുകൈയ്യിലെ ചൂണ്ട് വിരലിൽ രേഖപ്പെടുത്തിയ മഷി അടയാളം പൂർണ്ണമായും മായാത്ത സാഹചര്യമുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ബോദ്ധ്യമായിട്ടുണ്ട്.

3. മേൽവിവരിച്ച സാഹചര്യത്തിൽ, 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ, 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ എന്നിവയിലെ 33(4)-ാം ചട്ടത്തിന് വിധേയമായി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ **2016 ജൂലൈ 28 (വ്യാഴം)** -ാം തീയതി നടത്താൻ നിശ്ചയിച്ചിട്ടുള്ള ഉപതിരഞ്ഞെടുപ്പിൽ സമ്മതിദായകരുടെ നിജസ്ഥിതിയെപ്പറ്റി പോളിംഗ് ഓഫീസർക്കോ പ്രിസൈഡിംഗ് ഓഫീസർക്കോ ബോധ്യമായാൽ അയാളുടെ ഇടതുകൈയ്യിലെ നടുവിരലിൽ മായാത്ത മഷികൊണ്ട് ഒരു അടയാളം ഇടേണ്ടതാണെന്നും ഇടതുകൈയ്യിലെ നടുവിരൽ ഇല്ലാത്ത സംഗതിയിൽ ഇടതുകൈയ്യിലെ മോതിരവിരലിലോ അതുമില്ലെങ്കിൽ ചെറുവിരലിലോ അതുമില്ലെങ്കിൽ

തള്ളവിരലിലോ ഇടതുകൈയില്ലാത്ത സന്ദർഭത്തിൽ വലതുകൈയ്യിലെ ചൂണ്ട് വിരലിലോ അതുമില്ലായെങ്കിൽ മേൽപ്പറഞ്ഞ ക്രമപ്രകാരമുള്ള വലതുകൈയ്യിലെ ഏതെങ്കിലും മറ്റ് വിരലിലോ രണ്ടു കൈകളിലും വിരലുകളില്ലായെങ്കിൽ ഇടതോ വലതോ കൈയ്യുടെ അഗ്രത്തോ മായാത്ത മഷികൊണ്ട് അടയാളം ഇടേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

കെ.വി. മുരളീധരൻ
സെക്രട്ടറി

**ബന്ധപ്പെട്ട വരണാധികാരികൾക്ക്**
**പകർപ്പ് :**

**ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക്**
**ബന്ധപ്പെട്ട പ്രിസൈഡിംഗ് ഓഫീസർമാർക്ക് (വരണാധികാരികൾ മുഖേന)**
**എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും**
**പി.ആർ.ഒ**
**കമ്മീഷണറുടെ പി.എസ്.**
**കമ്പ്യൂട്ടർ പ്രോഗ്രാമർ**
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.
**ഫയൽ /സ്റ്റോക്ക്**

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

**നമ്പർ : 06/2016/ബി/സം.തി.ക.** **തീയതി :15.07.2016**

## സർക്കുലർ

വിഷയം : പഞ്ചായത്ത് അംഗങ്ങളുടെ/ മുനിസിപ്പൽ കൗൺസിലർമാരുടെ സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 159(1)-ാം വകുപ്പ് പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 143എ(1)-ാം വകുപ്പുപ്രകാരവും ഒരു പഞ്ചായത്ത് അംഗം/മുനിസിപ്പൽ കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ പതിനഞ്ച് മാസങ്ങൾക്കകം നിശ്ചിത ഫാറത്തിൽ അയാളുടേയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടേയും സ്വത്തുക്കളുടേയും ബാധ്യതകളുടേയും സ്റ്റേറ്റ്മെന്റ് സർക്കാർ ഇതിലേയ്ക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തിയിട്ടുള്ള കോംപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഒരു സ്റ്റേറ്റ്മെന്റ് സമർപ്പിച്ച ഒരു അംഗം/കൗൺസിലർ അതിനുശേഷം അയാളുടേയോ അയാളുടെ കുടുംബത്തിലെ മറ്റ് അംഗങ്ങളുടേയോ പേരിൽ കൂടുതലായി ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ സ്റ്റേറ്റ്മെന്റിൽപ്പറയുന്ന ഏതെങ്കിലും സ്വത്ത് കയ്യൊഴിയുകയോ ബാധ്യതപ്പെടുത്തുകയോ ചെയ്താൽ അതത് സംഗതിപോലെ അപ്രകാരം ആർജ്ജിക്കുകയോ കയ്യൊഴിയുകയോ ബാധ്യതപ്പെടുത്തുകയോ ചെയ്യുന്ന തീയതി മുതൽ മൂന്ന് മാസത്തിനകം അത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. (ഉപവകുപ്പ് (2)).

2. ഒരു അംഗം/കൗൺസിലർ കളവായതോ കളവാണെന്ന് താനറിയുകയോ വിശ്വസിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ സത്യമാണെന്ന് താൻ വിശ്വസിക്കാത്തതോ ആയ ഒരു സ്റ്റേറ്റ്മെന്റ് നൽകുന്നുവെങ്കിൽ അപ്രകാരം വിവരം നൽകിയ അംഗത്തിന്/കൗൺസിലർക്ക് എതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണെന്നും 3-ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ നിശ്ചിത തീയതിയ്ക്കുള്ളിൽ ഒരു അംഗം/ കൗൺസിലർ അപ്രകാരമുള്ള ഒരു സ്റ്റേറ്റ്മെന്റ് കോപീറ്റന്റ് അതോറിറ്റിയ്ക്ക് സമർപ്പിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് 35-ാം വകുപ്പ് പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ട് 91-ാം വകുപ്പ് പ്രകാരവും അയോഗ്യത കൽപ്പിക്കാവുന്നതാണെന്നും വ്യവസ്ഥയുണ്ട്.

3. മേൽപ്പറഞ്ഞപ്രകാരം, സ്വത്തുക്കളുടേയും ബാധ്യതകളുടേയും സ്റ്റേറ്റ്മെന്റുകൾ സ്വീകരിക്കുന്നതിന് കോപീറ്റന്റ് അതോറിറ്റികളെ അധികാരപ്പെടുത്തിക്കൊണ്ട് 23/04/2004-ലെ സ.ഉ.(പി) നമ്പർ 151/2004 (എസ്.ആർ.ഒ. നമ്പർ 429/2004) & 02.08.2004-ലെ സ.ഉ.(പി) നമ്പർ 251/2004 ത.സ്വ.ഭ.വ (എസ്.ആർ.ഒ. നമ്പർ 847/2004) എന്നീ നമ്പരുകളായി സർക്കാർ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ അതാത് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ ജില്ലയിലെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറേയും ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറെയുമാണ് കോംപീറ്റന്റ് അതോറിറ്റികളായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. മുനിസിപ്പാലിറ്റി & മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ അതാത് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാരെയാണ് അവരവരുടെ പ്രദേശത്ത് അധികാരിതയുള്ള കോംപീറ്റന്റ് അതോറിറ്റികളായി

അധികാരപ്പെടുത്തിയിട്ടുണ്ട്. മേൽ വിജ്ഞാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ളതുമായ ഫാറങ്ങളുടെ മാതൃകയിൽ വേണം പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ സ്വീകരിക്കേണ്ടത്.

4. മേൽവിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, അംഗങ്ങളിൽ/കൗൺസിലർമാരിൽ നിന്നും നിശ്ചിത സമയത്തിനകം ലഭിക്കുന്ന നിശ്ചിത ഫാറത്തിലുള്ള സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ അതാത് ഓഫീസുകളിൽ സൂക്ഷിക്കുന്നതിനും നിശ്ചിത സമയപരിധിയ്ക്കകം സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത അംഗങ്ങളുടെ/കൗൺസിലർമാരുടെ പേര് വിവരം കമ്മീഷനിൽ ലഭ്യമാക്കുന്നതിനും കോമ്പീറ്റന്റ് അതോറിറ്റികളായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുന്നു. അതോടൊപ്പം, നിശ്ചിത സമയത്തിനകം നിശ്ചിത ഫാറങ്ങളിൽ ബന്ധപ്പെട്ട കോമ്പീറ്റന്റ് അധികാരികൾക്ക് സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകണമെന്ന വിവരം അംഗങ്ങളെ/കൗൺസിലർമാരെ അറിയിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെയും ചുമതലപ്പെടുത്തുന്നു.

കെ.വി. മുരളീധരൻ
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ വികസന വകുപ്പ് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ മുഖേന)

പകർപ്പ് :

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പി.ആർ.ഒ.
കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ പി.എസ്.
കമ്മീഷണറുടെ സി.എ
സെക്രട്ടറിയുടെ സി.എ
സ്റ്റോക്ക്/ഫയൽ

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ

അനുബന്ധം - I

ഫാറം

# പഞ്ചായത്തംഗം സമർപ്പിക്കുന്ന സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

## ഭാഗം I സ്ഥാവരവസ്തുക്കൾ

| ക്രമനമ്പർ | പഞ്ചായത്തംഗത്തിന്റെ /കുടുംബാംഗത്തിന്റെ പേര് | പഞ്ചായത്തംഗവുമായുള്ള ബന്ധം | തൊഴിൽ | കൈവശമുള്ള/ആർജ്ജിച്ച സ്ഥാവര വസ്തുവിന്റെ വിവരണം | | | | | | ഭൂമിയിൽ കെട്ടിടം സ്ഥിതി ചെയ്യുന്നുണ്ടോ എന്ന് | കെട്ടിടമുണ്ടെങ്കിൽ തറ വിസ്തീർണ്ണം | സ്ഥാവര വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സർവ്വേ നമ്പർ | വിസ്തീർണ്ണം | താലൂക്ക് | വില്ലേജ് | ഭൂമിയുടെ സ്വഭാവം | അവകാശത്തിന്റെ സ്വഭാവം | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |

## ഭാഗം II - ജംഗമ വസ്തുക്കൾ (10,000 രൂപയിൽ കൂടുതൽ മൂല്യമുള്ളവ)

| ക്രമ നമ്പർ | പഞ്ചായത്തംഗത്തിന്റെ /കുടുംബാംഗത്തിന്റെ പേര് | പഞ്ചായത്തംഗവുമായുള്ള ബന്ധം | കൈവശമുള്ള/ആർജ്ജിച്ച ജംഗമ വസ്തുവിന്റെ വിവരണം | | | ജംഗമ വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|
| | | | ജംഗമ സ്വത്തുക്കൾ | എണ്ണം | മതിപ്പ് വില | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |

## ഭാഗം III - ബാദ്ധ്യതകൾ

| ക്രമ നമ്പർ | പഞ്ചായത്തംഗത്തിന്റെ /കുടുംബാംഗത്തിന്റെ പേര് | ബാദ്ധ്യതയുടെ സ്വാഭാവം | ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ/ജംഗമ വസ്തുവിന്റെ വിവരണം | ആർക്ക് ബാദ്ധ്യതപ്പെടുത്തിയെന്ന് | ബാദ്ധ്യതയുണ്ടായ തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് ബോധിപ്പിക്കുന്നു.

സ്ഥലം ..................

തീയതി ................

പഞ്ചായത്തംഗത്തിന്റെ പേരും ഒപ്പും

വാർഡിന്റെ പേരും പഞ്ചായത്തിന്റെ പേരും

**അനുബന്ധം - II**

**ഫാറം**

## കൗൺസിലർ സമർപ്പിക്കുന്ന സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

### ഭാഗം I - സ്ഥാവര വസ്തുക്കൾ

| ക്രമനമ്പർ | കൗൺസിലറുടെ /കുടുംബാംഗത്തിന്റെ പേര് | കൗൺസിലറുമായുള്ള ബന്ധം | തൊഴിൽ | കൈവശമുള്ള/ആർജ്ജിച്ച സ്ഥാവര വസ്തുവിന്റെ വിവരണം | | | | | | ഭൂമിയിൽ കെട്ടിടം സ്വന്ത ചെയ്യുന്നുണ്ടോ എന്ന് | കെട്ടിടമുണ്ടെങ്കിൽ തറ വിസ്തീർണ്ണം | സ്ഥാവര വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സർവ്വേ നമ്പർ | വിസ്തീർണ്ണം | താലൂക്ക് | വില്ലേജ് | ഭൂമിയുടെ സ്വഭാവം | അവകാശത്തിന്റെ സ്വഭാവം | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |

### ഭാഗം II - ജംഗമ വസ്തുക്കൾ (10,000 രൂപയിൽ കൂടുതൽ മൂല്യമുള്ളവ)

| ക്രമനമ്പർ | കൗൺസിലറുടെ /കുടുംബാംഗത്തിന്റെ പേര് | കൗൺസിലറുമായുള്ള ബന്ധം | കൈവശമുള്ള/ആർജ്ജിച്ച ജംഗമ വസ്തുവിന്റെ വിവരണം | | | ജംഗമ വസ്തു ആർജ്ജിച്ച തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|
| | | | ജംഗമ സ്വത്തുക്കൾ | എണ്ണം | മതിപ്പ് വില | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |

### ഭാഗം III - ബാദ്ധ്യതകൾ

| ക്രമനമ്പർ | കൗൺസിലറുടെ /കുടുംബാംഗത്തിന്റെ പേര് | ബാദ്ധ്യതയുടെ സ്വാഭാവം | ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ/ജംഗമ വസ്തുവിന്റെ വിവരണം | ആർക്ക് ബാദ്ധ്യതപ്പെടുത്തിയെന്ന് | ബാദ്ധ്യതയുണ്ടായ തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

**സത്യപ്രസ്താവന**

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്ന് ബോധിപ്പിക്കുന്നു.

സ്ഥലം ..................

തീയതി ................

കൗൺസിലറുടെ പേരും ഒപ്പും

വാർഡിന്റെ പേരും മുനിസിപ്പാലിറ്റിയുടെ പേരും

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

05/2016/സംതിക 25.06.2016

## സർക്കുലർ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് വേളയിൽ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും അനുവർത്തിക്കേണ്ട കാര്യങ്ങളും പാലിക്കേണ്ട നിയന്ത്രണങ്ങളും ഉൾപ്പെടുത്തി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2015-ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി മാതൃകാ പെരുമാറ്റസംഹിത പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു പൊതുതിരഞ്ഞെടുപ്പ് വേളയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാതൃകാ പെരുമാറ്റസംഹിത ബാധകമായിരിക്കുന്നതാണ്. എന്നാൽ ഏതെങ്കിലും വാർഡിലേയ്ക്കോ വാർഡുകളിലേയ്ക്കോ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വേളയിൽ മാതൃകാ പെരുമാറ്റസംഹിത ബാധകമായിട്ടുള്ള പ്രദേശങ്ങളെക്കുറിച്ച് വ്യാപകമായ സംശയങ്ങൾ ഉണ്ടാക്കുന്ന സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പിന്റെ സമയക്രമം പ്രഖ്യാപിക്കുന്ന തീയതി മുതൽ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന ദിവസം വരെ മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരിക്കും. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഒന്നോ അതിലധികമോ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടക്കുമ്പോൾ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ കാര്യത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡ് പ്രദേശങ്ങളിൽ മാത്രമായും ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ആ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും മാതൃകാ പെരുമാറ്റച്ചട്ടം ബാധകമായിരിക്കും. എന്നാൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ കാര്യത്തിൽ, ഉപതിരഞ്ഞെടുപ്പ് നടക്കുന്ന

..1/-

ഡിവിഷനിൽ (വാർഡിൽ) ഗ്രാമപഞ്ചായത്തുകൾ ഭാഗികമായോ മുഴുവൻ ആയോ ഉൾപ്പെട്ടു വരുന്നുണ്ടെങ്കിൽ അത്തരം ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ പ്രദേശങ്ങളിലും മാതൃകാ പെരുമാറ്റച്ചട്ടം ബാധകമായിരിക്കും.

കൂടാതെ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രചാരണത്തിനും മറ്റും സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും മാതൃകാ പെരുമാറ്റച്ചട്ടം പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വരണാധികാരികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതും മാതൃകാ പെരുമാറ്റച്ചട്ടം ലംഘിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കെ.വി. മുരളീധരൻ
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖേന)

പകർപ്പ് :

എല്ലാ ഓഫീസർമാർക്കും
പി.ആർ.ഒ., സംതിക
കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ പി.എസ്.
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ
ഫയൽ/സ്റ്റോക്ക്

അംഗീകാരത്തോടെ
**ഒപ്പ്**

സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2016 ജൂൺ 14 (ചൊവ്വ)-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ : 296/2016/സം.തി.ക. തീയതി, തിരുവനന്തപുരം, 2016 ജൂൺ 07

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 20.05.2016 -ലെ നമ്പർ 18/2016/സം.തി.ക. മുതൽ 20/2016/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ

## ഉത്തരവ്

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31(2)-ാം ചട്ടം പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. ആയതിനാൽ, **2016 ജൂൺ 14 (ചൊവ്വ)** -ാം ാം തീയതിയിലെ പന്തളം മുനിസിപ്പാലിറ്റിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

25. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
26. പാസ്പോർട്ട്
27. ഡ്രൈവിംഗ് ലൈസൻസ്
28. പാൻ കാർഡ്
29. ആധാർ കാർഡ്
30. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
31. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്
32. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്

കെ.വി. മുരളീധരൻ
സെക്രട്ടറി (ഇൻ ചാർജ്)

**ജില്ലാ കളക്ടർ & ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ, പത്തനംതിട്ട**
**വരണാധികാരി (ജില്ലാ കളക്ടർ മുഖേന),പ്രിസൈഡിംഗ് ഓഫീസർ (വരണാധികാരി മുഖേന)**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും,പി.ആർ.ഒ, (പത്രക്കുറിപ്പ് നൽകുന്നതിനായി)
കംപ്യൂട്ടർ പ്രോഗ്രാമർ (കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കമ്മീഷണറുടെ പി.എസ്.,കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.,കരുതൽ/ഫയൽ.

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**


സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - ഉപതിരഞ്ഞെടുപ്പ് - ആൾമാറാട്ടത്തിനെതിരെയുള്ള മുൻകരുതലുകൾ - സമ്മതിദായകരുടെ നടുവിരലിൽ മായാത്ത മഷികൊണ്ട് അടയാളം ഇടണമെന്ന നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ : 295/2016/സം.തി.ക. തീയതി, തിരുവനന്തപുരം, 2016 ജൂൺ 07

---

## ഉത്തരവ്

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 20.05.2016-ലെ 18/2016/സംതിക, 19/2016/സംതിക & 20/2016/സംതിക നമ്പർ വിജ്ഞാപനങ്ങൾ.

പത്തനംതിട്ട ജില്ലയിൽ എം. 61 പന്തളം നഗരസഭയിലെ 14 കൂരമ്പാല ടൗൺ വാർഡിലെ കൗൺസിലറുടെ ഒഴിവ് നികത്തുന്നതിന് അവിടെ 14.06.2016-ൽ ഉപതിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചനയിലെ വിജ്ഞാപനങ്ങൾ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 33-ാം ചട്ടപ്രകാരം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടെടുപ്പിൽ ഓരോ സമ്മതിദായകന്റേയും നിജസ്ഥിതിയെപ്പറ്റി പോളിംഗ് ഓഫീസർക്കോ പ്രിസൈഡിംഗ് ഓഫീസർക്കോ, അതത് സംഗതിപോലെ, ബോധ്യമായാൽ അയാളുടെ ഇടതുകൈയ്യിലെ ചൂണ്ടുവിരൽ പ്രിസൈഡിംഗ് ഓഫീസറോ പോളിംഗ് ഓഫീസറോ പരിശോധിക്കുന്നതിനും അതിൽ മായാത്ത മഷികൊണ്ട് ഒരു അടയാളം ഇടുന്നതിനും അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. സംസ്ഥാനത്ത് 2016 മേയ് മാസം 16-ാം തീയതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അസംബ്ലി നിയോജകമണ്ഡലങ്ങളിലേയ്ക്ക് പൊതുതിരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളതിനാൽ അതുമായി ബന്ധപ്പെട്ട് സമ്മതിദായകരുടെ ഇടതുകൈയ്യിലെ ചൂണ്ട് വിരലിൽ രേഖപ്പെടുത്തിയ മഷി അടയാളം മായാത്ത സാഹചര്യമുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ബോദ്ധ്യമായിട്ടുണ്ട്.

3. മേൽവിവരിച്ച സാഹചര്യത്തിൽ, 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 33(4)-ാം ചട്ടത്തിന് വിധേയമായി, പന്തളം മുനിസിപ്പാലിറ്റിയിലെ 14 കൂരമ്പാല ടൗൺ വാർഡിലേയ്ക്ക് 14.06.2016-ന് നടത്താൻ നിശ്ചയിച്ചിട്ടുള്ള ഉപതിരഞ്ഞെടുപ്പിൽ സമ്മതിദായകരുടെ നിജസ്ഥിതിയെപ്പറ്റി പോളിംഗ് ഓഫീസർക്കോ പ്രിസൈഡിംഗ് ഓഫീസർക്കോ ബോധ്യമായാൽ അയാളുടെ ഇടതുകൈയ്യിലെ നടുവിരലിൽ മായാത്ത മഷികൊണ്ട് ഒരു അടയാളം ഇടേണ്ടതാണെന്നും ഇടതുകൈയ്യിലെ നടുവിരൽ ഇല്ലാത്ത സംഗതിയിൽ ഇടതുകൈയ്യിലെ മോതിരവിരലിലോ അതുമില്ലെങ്കിൽ ചെറുവിരലിലോ അതുമില്ലെ

ങ്കിൽ തള്ളവിരലിലോ ഇടതുകൈയില്ലാത്ത സന്ദർഭത്തിൽ വലതുകൈയ്യിലെ ചൂണ്ട് വിരലിലോ അതുമില്ലായെങ്കിൽ മേൽപ്പറഞ്ഞ ക്രമപ്രകാരമുള്ള ഏതെങ്കിലും മറ്റ് വിരലിലോ മായാത്ത മഷികൊണ്ട് അടയാളം ഇടേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

കെ.വി. മുരളീധരൻ
സെക്രട്ടറി (ഇൻ ചാർജ്ജ്)

**വരണാധികാരി, പന്തളം നഗരസഭ**

**പകർപ്പ് ഃ**

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, പത്തനംതിട്ട**

**റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം**

**എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും**

**കമ്മീഷണറുടെ പി.എസ്.**

**കമ്പ്യൂട്ടർ പ്രോഗ്രാമർ**

കമ്മീഷണറുടെ സി.എ.

സെക്രട്ടറിയുടെ സി.എ.

**ഫയൽ /സ്റ്റോക്ക്**

ഉത്തരവിൻ പ്രകാരം

**ഒപ്പ്**

സെക്ഷൻ ഓഫീസർ

# STATE ELECTION COMMISSION, KERALA

State Election Commission, Kerala – Renting out of Ballot Boxes – Revision of Rates and Terms & Conditions - Orders issued.

---

No: 254/2016/SEC Dated , Thiruvananthapuram, 10th May 2016

---

Read : 1. Letter No. EL3-31388/2016, dated 30.04.2016 of the District Election Officer & District Collector, Kollam.

2. Letter No. L3-12000/2016, dated 21.05.2016 of the District Election Officer & District Collector, Kottayam.

## ORDER

State Election Commission had procured and kept sufficient number of ballot boxes at various warehouses in all district Head Quarters for the purpose of conducting elections to Local Self Government Institutions in Kerala. In the General Election 2015, the ballot boxes were not used by the Commission, since Electronic Voting machines had been introduced in all Local Self Government Institutions. Nowadays, certain public and private undertakings/organizations are requesting to provide ballot boxes on loan basis for conducting membership verification or referendum in that organizations.

2. The District Election Officer & District Collector, Kollam and Kottayam as per the letters read as 1st and 2nd paper above have requested to make available the rates for which the Ballot Boxes be provided on loan basis.

3. The Commission examined the matter in detail and is pleased to revise the rate for which the Ballot Boxes be provided on rental basis and other terms and Conditions as stated below :

a. An amount of Rs. 30/- is fixed as rent for each Ballot box provided on loan basis for a period upto 15 days. An additional amount of Rs. 10 per day for each ballot box shall be charged as rent in excess of 15 days. The number of days shall be calculated from the date of receipt to the date of return.

b. Loading and unloading charges in this regard shall be borne by the loanees.

c. The transportation of ballot boxes from the storage places to destination points and return to the same storage places should be made by the loanee.

d. If any damage or loss of ballot box during the period of loan, the replacement charges /maintenance charges shall be remitted by the loanees.

e. An undertaking incorporating the above terms and conditions shall be submitted by the loanee.

f. The rental charges shall be remitted to the Head of Account "0070-02-800 Other Receipts -93 Miscellaneous".

4. All District Election Officers & District Collectors are directed to take necessary steps in this regard, if necessary, under intimation to the Commission.

P. Harikumar
Secretary

To :

All District Election Officers & District Collectors
Stock File / Office copy

Copy to :

All Officers
All Sections
P.S to Commissioner
CA to Secretary.

Forward /By Order

Sd/-

Section Officer

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2016 മാർച്ച് 05-ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പ് - സമ്മതിദായകർക്കുള്ള തിരിച്ചറിയൽ രേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ : 65/2016/സം.തി.ക. തീയതി, തിരുവനന്തപുരം, 2016 ഫെബ്രുവരി 16

പരാമർശം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 09.02.2016-ലെ 03/2016/സംതിക മുതൽ 08/2016/സംതിക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ

## ഉത്തരവ്

1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31-ാം ചട്ടം (2)-ഉം 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 31-ാം ചട്ടം (2)-ഉം പ്രകാരം പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ആഫീസറുടേയോ മുമ്പാകെ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പോ ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. ആയതിനാൽ, **2016 മാർച്ച് 05 (ശനി)** -ാം ാം തീയതിയിലെ ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിലേയ്ക്ക് ഓരോ സമ്മതിദായകൻ പ്രവേശിക്കുമ്പോഴും അയാൾ പ്രിസൈഡിംഗ് ആഫീസറുടേയോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറുടേയോ മുമ്പാകെ താഴെപ്പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണെന്ന് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

33. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
34. പാസ്പോർട്ട്
35. ഡ്രൈവിംഗ് ലൈസൻസ്
36. പാൻ കാർഡ്
37. ആധാർ കാർഡ്
38. ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്
39. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിയ്ക്ക് ആറുമാസകാലയളവിന് മുമ്പു വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്
40. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്

**കെ. ശശിധരൻ നായർ,**
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

**ജില്ലാ കളക്ടർ & ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ, തിരുവനന്തപുരം/കൊല്ലം/പാലക്കാട്/കോഴിക്കോട്/ കണ്ണൂർ/കാസർഗോഡ്**

**എല്ലാ വരണാധികാരികൾക്കും (ജില്ലാ കളക്ടർ മുഖേന)**,സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും പി.ആർ.ഒ, (പത്രക്കുറിപ്പ് നൽകുന്നതിനായി),കംമ്പ്യൂട്ടർ പ്രോഗ്രാമർ (കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) ,കമ്മീഷണറുടെ സി.എ.,സെക്രട്ടറിയുടെ സി.എ.,കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് - ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കളെ പോളിംഗ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ : 64/2016/സം.തി.ക. തീയതി, തിരുവനന്തപുരം, 2016 ഫെബ്രുവരി 16

പരാമർശം :- ശ്രീമതി. എ.ബി. ലതാകുമാരി, കൃഷ്ണപുരം, ആലപ്പുഴ-ടെ 31.12.2015-ലെ നിവേദനം.

## ഉത്തരവ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 145-ാം വകുപ്പും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 202-ാം വകുപ്പും പ്രകാരം ഏതൊരു സർക്കാർ വകുപ്പിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ എയിഡഡ് സ്കൂളും പ്രൈവറ്റ് അഫിലിയേറ്റഡ് കോളേജും ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നോ ഉദ്യോഗസ്ഥരെ വിവിധ തിരഞ്ഞെടുപ്പ് ജോലികൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചു വരുന്നു. സംസ്ഥാനത്ത് നടക്കുന്ന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലികൾക്കും സെൻസസ് ജോലികൾക്കും ഭിന്നശേഷി യുള്ള കുട്ടികളുടെ അമ്മമാരെ നിയോഗിച്ച് വരുന്നുവെന്നും പ്രസ്തുത ആളുകളെ ഇത്തരം ജോലികളിൽ നിന്ന് ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽ കൃഷ്ണപുരം വില്ലേജിലെ പ്രൈമറി സ്കൂൾ അദ്ധ്യാ പികയായ ശ്രീമതി. എ.ബി. ലതാകുമാരി സൂചന പ്രകാരം കമ്മീഷന് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത നിവേദനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിശദമായി പരിശോധിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ ജോലികൾക്ക് ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കളെ നിയോഗിക്കുന്നതു മൂലം പ്രസ്തുത കുട്ടികളുടെ സംരക്ഷണത്തിനും പരിചരണത്തിനും മാതാപിതാക്കളുടെ സാന്നിദ്ധ്യം താത്കാലികമാ യിട്ടാണെങ്കിലും ലഭിക്കാതിരിക്കാൻ സാധ്യതയുണ്ടെന്ന് കമ്മീഷന് ബോദ്ധ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സംസ്ഥാ നത്ത് നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പോളിംഗ് ഡ്യൂട്ടിയിൽ നിന്നും ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കളായ ഉദ്യോഗസ്ഥരെ ഒഴിവാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടു വിക്കുന്നു.

പി. ഗീത
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
ശ്രീമതി. എ.ബി. ലതാകുമാരി, തറയിൽ കളിക്കൽ, കാപ്പിൽ ഈസ്റ്റ്, കൃഷ്ണപുരം

പകർപ്പ്:-

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും,എല്ലാ വരണാധികാരികൾക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും,എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും,എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പി.ആർ.ഒ, സംതിക,കമ്പ്യൂട്ടർ പ്രോഗ്രാമർ, സംതിക,കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.
ഫയൽ/കരുതൽ

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
. സെക്ഷൻ ഓഫീസർ

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@gmail.com, Website : www.sec.kerala.gov.in

# PROCEEDINGS OF THE STATE ELECTION COMMISSION KERALA, THIRUVANANTHAPURAM

State Election Commission, Kerala, Thiruvananthapuram – General Election to Local Self Government Institutions 2015 – Failure of Electronic Voting Machines – HLFF Committee – Recommendations, Constitution of Expert Committee - Constituted – Orders issued.

No. 47/2016/SEC. Dated, Thiruvananthapuram, 02.02.2016

Read: (1) Proceedings No. 795/2015/SEC. dated 19.11.2015.
(2) Report of the High Level Fact Finding Committee dated 22.12.2015.
(3) Proceedings No. 871/2015/SEC. dated 31.12.2015

## ORDER

In the proceedings read as first above a High Level Fact Finding Committee was constituted consisting of Technical Experts Prof. Dr. K.R. Srivathsan, formerly Pro Vice Chancellor, IGNOU, Golden Enclave, Thottada P.O., Kannur-7, Prof. Rajat Moona, Director General, C-DAC and Sri. Ramani B., Executive Director, C-DAC as members to ascertain the cause of failures of the EVMs during poll in the districts of Malappuram and Thrissur and to suggest remedial measures.Accordingly the committee has submitted the report on 22.12.2015.

2. In the proceedings 3rd cited, the recommendations of the High Level Fact Finding Committee was accepted in toto.

3. The following recommendations were also made by the committee.

a. The SEC should form a panel of experts to define test procedures and QC criteria for the machines. The panel should also define the first level check to be carried out by the manufacturers periodically as well as just prior to the elections.
b. From the remaining lot, a sample based testing must be carried out by organizations such as ERTL using the test procedure so defined.

4. The State Election Commission in exercise of powers under Article 243K of the Constitution of India and all other powers enabling it to do so and to ensure free and fair poll hereby constitute a Committee of Experts consisting of Shri .T. Mohandas (Convener), State Informatics Officer, National Informatic Centre, Thiruvananthapuram, Sri. Ramani. B, Executive Director, C-DAC, Thiruvananthapuram and Prof. Jiji C.V., Head of Department, Electronics and Communications, College of Engineering, Thiruvananthapuram to carry out the above recommendations of the High Level Fact Finding Committee.

5. The Committee is free to co-opt any officials for assisting the above duties.

6. The District Election Officers & District Collectors in the districts will assist the Committee as required by them.

7. The expenditure in this regard will be met from the funds to be specified by State Election Commission.

K. SASIDHARAN NAIR
STATE ELECTION COMMISSIONER

To

1. Prof. Dr. K.R. Srivathsan, Golden Enclave, Thottada. P.O, Kannur-7.
2. Prof. Rajat Moona, Director General, C-DAC, New Delhi.
3. Sri. Ramani. B, Executive Director, C-DAC, Thiruvananthapuram.
4. Sri. T. Mohandas, State Informatics Officer, NIC, CDAC Buildings, Keltron Compund, VellayambalamThiruvananthapuram.
5. Prof. Jiji C.V., Head of Department, Electronics and Communications, College of Engineering, Thiruvananthapuram
6. The Chief Secretary, Government of Kerala. (with Covering letter).
7. The Principal Secretary, LSGD, Government of Kerala. (with Covering letter).
8. The Head, EMSD, Electronics Corporation of India Limited, Hyderabad.
9. All District Election Officers & District Collector,
10. Stock File / Office Copy.

Forwarded by Order
Sd/-

Section Officer

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ് 2015 -തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാനവേതനം അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ :05/2016/സം.തി.ക. തീയതി, തിരുവനന്തപുരം, 2016 ജനുവരി 08

## ഉത്തരവ്

പരാമർശം : 1. സർക്കാരിന്റെ 26.02.2011-ലെ സ.ഉ.(സാധാ) നം. 630/11/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 30.12.2015-ലെ 869/2015/സംതിക ഉത്തരവ്.
3. കേരള പഞ്ചായത്ത് സ്റ്റാഫ് അസോസിയേഷന്റെ 11.11.2015-ലെ നിവേദനം.
4. കേരള പഞ്ചായത്ത് എംപ്ലോയിസ് ഫെഡറേഷന്റെ 09.11.2015-ലെ നിവേദനം.
5. കേരള പഞ്ചായത്ത് എംപ്ലോയിസ് ഓർഗനൈസേഷന്റെ 11.11.2015-ലെ നിവേദനം.
6. ബഹു. കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 06.01.2016-ൽ ചേർന്ന യോഗ തീരുമാനം.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2015-ൽ നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട് തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റിയ വരണാധികാരികൾ, ഉപവരണാധികാരികൾ എന്നിവർക്ക് മാനവേതനം അനുവദിച്ചുകൊണ്ട് പരാമർശം 2 പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർപട്ടിക തയ്യാറാക്കൽ തുടങ്ങിയ പ്രധാന തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ശ്രമകരമായ സേവനം അനുഷ്ഠിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളം അലവൻസായി അനുവദിക്കണമെന്ന് വിവിധ സംഘടനകൾ പരാമർശം 3, 4, 5 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. മേൽവിഷയം കമ്മീഷൻ വിശദമായി പരിശോധിച്ചു. പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർ പട്ടിക തയ്യാറാക്കൽ, മറ്റ് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ എന്നിവയിൽ ശ്രമകരമായ പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഒരു നിശ്ചിത വേതനം അനുവദിക്കേണ്ടതുണ്ടെന്ന് കമ്മീഷൻ ബോധ്യമാവുകയും ചെയ്തു.

3. മേൽസാഹചര്യത്തിൽ 2015-ലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർപട്ടിക തയ്യാറാക്കുന്നതിനും മറ്റ് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കും അധിക ജോലി നിർവ്വഹിച്ചിട്ടുള്ള ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും മറ്റ് തിരഞ്ഞെടുപ്പ് വിഭാഗം ജീവനക്കാർക്കും അതാത് സ്ഥാപനങ്ങളിലെ തനത് ഫണ്ടിൽ നിന്നും ചുവടെച്ചേർക്കുംവിധം മാനവേതനം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഓഫീസ് | തസ്തിക | മാനവേതനം (രൂപയിൽ) |
|---|---|---|---|
| 1. | മുനിസിപ്പൽ കോർപ്പറേഷൻ | ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ | 10,000/- |
| 2. | മുനിസിപ്പൽ കോർപ്പറേഷൻ | അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ | 5,000/- |
| 3. | മുനിസിപ്പൽ കോർപ്പറേഷൻ | ഇലക്ഷൻ വിഭാഗം സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്, ക്ലാർക്കുമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ (പരമാവധി 8 പേർക്ക്) | 3000/- വീതം |
| 4. | മുനിസിപ്പൽ കോർപ്പറേഷൻ | ഓഫീസ് അറ്റൻഡന്റ് & ഡ്രൈവർ (1 വീതം) | 2000/- വീതം |
| 5. | മുനിസിപ്പാലിറ്റി (39 വാർഡുകൾ വരെ) | ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ | 7,000/- |

| | | | |
|---|---|---|---|
| 6. | മുനിസിപ്പാലിറ്റി (40 -ഉം അതിൽ കൂടുതലും വാർഡുകൾക്ക്) | ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ | 8,000/- |
| 7. | മുനിസിപ്പാലിറ്റി | അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (പരമാവധി 6 പേർക്ക്) | 4,000/- |
| 8. | മുനിസിപ്പാലിറ്റി | ഇലക്ഷൻ വിഭാഗം സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്, ക്ലാർക്കുമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ (39 വാർഡുകൾ വരെ പരമാവധി 3 പേർക്കും 40-ഉം അതിൽ കൂടുതലും വാർഡുകൾക്ക് 5 പേർക്കും) | 3000/- വീതം |
| 9. | മുനിസിപ്പാലിറ്റി | ഓഫീസ് അറ്റൻഡന്റ് & ഡ്രൈവർ (1 വീതം) | 2000/- വീതം |
| 10. | ഗ്രാമപഞ്ചായത്ത് | ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ | 5,000/- |
| 11. | ഗ്രാമപഞ്ചായത്ത് | അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ | 4,000/- |
| 12. | ഗ്രാമപഞ്ചായത്ത് | ഇലക്ഷൻ വിഭാഗം സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്, ക്ലാർക്കുമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ (പരമാവധി 3 പേർക്ക്) | 3000/- വീതം |
| 13. | ഗ്രാമപഞ്ചായത്ത് | ഓഫീസ് അറ്റൻഡന്റ് & ഡ്രൈവർ (1 വീതം) | 2000/- വീതം |
| 14. | തിരുവനന്തപുരം കോർപ്പറേഷൻ | ലിഫ്റ്റ് ഓപ്പറേറ്റർ (2 എണ്ണം)<br>പമ്പ് ഓപ്പറേറ്റർ (1 എണ്ണം) | 2000/- വീതം |

മേൽപ്പറഞ്ഞപ്രകാരം ജീവനക്കാർക്ക് മാനവേതനം നൽകുന്നതിന് അതാത് സ്ഥാപനങ്ങളിലെ തനത്ഫണ്ടിൽ നിന്നും തുക വിനിയോഗിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ അതാത് സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതുമാണ്.

**പി. ഫ്രാൻസിസ് ഡിക്രൂസ്**
സെക്രട്ടറി ഇൻ ചാർജ്

**പ്രിൻസിപ്പൽ സെക്രട്ടറി, ത.സ്വ.ഭ വകുപ്പ് (ആമുഖ കത്ത് സഹിതം)**
**പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം**
**ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം,എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറികൾക്കും**
**എല്ലാ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും,അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ), തിരുവനന്തപുരം**
**എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും,സ്റ്റോക്ക്/ഫയൽ**

**പകർപ്പ് ഃ**

**എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും (എല്ലാ ഇ.ആർ.ഒ. മാർക്കും പകർപ്പ് ലഭ്യമാക്കുന്നതിനായി)**
**എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും**
**കംപ്യൂട്ടർ പ്രോഗ്രാമർ,കമ്മീഷണറുടെ സി.എ.**
**സെക്രട്ടറിയുടെ സി.എ.**

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ